**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3564** **08-10-2025 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് ഒരു സബ് കമ്മിറ്റിയെ രൂപീകരിച്ച് 09-04-2024 ൽ സ.ഉ(ആർ.ടി)നം.1109/2024/ആർഡി പ്രകാരം ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ട് സമർപ്പിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | (എ) | സ.ഉ.(സാധാ) നം.1109/2024/റവന്യൂ തീയതി 09/04/2024-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിൽ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനും റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറി കൺവീനറും 5 മെമ്പർമാരും ഉൾപ്പെടുന്ന 7 അംഗ സബ് കമ്മിറ്റിയാണ്. ടി കമ്മിറ്റിയിൽ ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥൻ (ജെ.എസ്/ എ.എസ്) എന്നവരെ മെമ്പറായി ഉൾപ്പെടുത്തിയാണ് രൂപീകരിച്ചത്. തുടർന്ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നോമിനേറ്റ് ചെയ്ത് നൽകുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തുവാൻ കഴിയില്ലെന്ന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ ടെക്നിക്കൽ എക്സാമിനർ (സിവിൽ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ മെമ്പർ ആയി നിശ്ചയിച്ചും മറ്റ് വകുപ്പുകളിൽ നിന്നും നോമിനേറ്റ് ചെയ്യപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തിയും സ.ഉ. (സാധാ) നം. 1885/2024/ റവന്യൂ തീയതി 11/08/2024 സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സബ് കമ്മിറ്റി പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.<br><br>ഇതേത്തുടർന്ന് 28/11/2024-ൽ കമ്മിറ്റി യോഗം ചേരുകയും പാലങ്ങളുടെ ഡിസൈൻ കൺസൾട്ടന്റായ മെ.ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശമുള്ള ഡിസൈനും അനുബന്ധ രേഖകളും സംബന്ധിച്ചുള്ള വിവരങ്ങൾ പത്തനംതിട്ട നിർമ്മിതി കേന്ദ്രത്തിൽ ലഭ്യമാണെങ്കിൽ ആയത് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ |

| | | | |
|---|---|---|---|
| | | | നിർമ്മിതി കേന്ദ്രത്തിൽ നിന്നും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ നിലവിൽ ഓർമ്മക്കുറിപ്പ് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ടി കമ്മിറ്റി ആയതു പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 & ചട്ടങ്ങൾ 2002 - റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സബ്കമ്മിറ്റി രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യു (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2024/RD തീയതി,തിരുവനന്തപുരം, 09-04-2024

---

**പരാമർശം:-**

1. കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 & ചട്ടങ്ങൾ 2002.
2. 19.11.2015-ലെ G.O.(Rt) No.6032/2015/RD നമ്പർ സർക്കാർ ഉത്തരവ്.
3. ധനകാര്യ പരിശോധന (എൻ ടി ഇ) വകുപ്പ് പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലും ജില്ലാ നിർമിതി കേന്ദ്രത്തിലും നടത്തിയ പരിശോധനാ റിപ്പോർട്ടും ശിപാർശയും.
4. 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

റിവർ മാനേജ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 9 പാലങ്ങളുടെ നിർമാണത്തിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പാലങ്ങളുടെ നിർമാണ പ്രവർത്തനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ടു പരാമർശം (3) പ്രകാരം ധനകാര്യ പരിശോധന (എൻ ടി ഇ) വിഭാഗം റവന്യു വകുപ്പിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ധനകാര്യ പരിശോധനാ വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ, ടി വിഷയം, 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതിയിൽ ചർച്ച ചെയ്യപ്പെടുകയും വിശദമായ ചർച്ചയ്ക്കൊടുവിൽ, ധനകാര്യ വകുപ്പിന്റെ ശിപാർശയ്ക്ക് കാരണമായ വിവിധ ജില്ലകളിലെ പാലങ്ങൾ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി, റവന്യു വകുപ്പിന്റെ അഡിഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ IAS-ന്റെ നേതൃത്വത്തിൽ ജലസേചനം, പൊതു മരാമത്ത്, ധനകാര്യ പരിശോധനാ വിഭാഗം, നിയമം എന്നീ വകുപ്പുകളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് സമിതി തീരുമാനിച്ചിരുന്നു.

**3. 21.02.2024**-ലെ സംസ്ഥാന ഉന്നത തല സമിതിയുടെ തീരുമാനത്തിന് അനുസൃതമായി, റിവർ മാനേജ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച്,ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ റവന്യു വകുപ്പിന്റെ അഡിഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ IAS-ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

**സബ് കമ്മിറ്റി അംഗങ്ങൾ**

| | | |
|---|---|---|
| 1 | ശ്രീ.അബ്ദുൽനാസർ ബി.,IAS-അഡിഷണൽ സെക്രട്ടറി, റവന്യു വകുപ്പ് | ചെയർമാൻ |
| 2 | നിയമ വകുപ്പിലെ ഉദ്യോഗസ്ഥൻ (JS/AS) | മെമ്പർ |
| 3 | ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥൻ (JS/AS) | " |
| 4 | പൊതുമരാമത്ത്(ബ്രിഡ്ജ്സ്)വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | " |
| 5 | ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | " |
| 6 | ഡോ. അരുൺ ജെ ഒ, ഡെപ്യൂട്ടി കളക്ടർ,ഇലക്ഷൻ, ഇടുക്കി | " |
| 7 | ശ്രീ ഷഹൻഷ എ - അണ്ടർ സെക്രട്ടറി, റവന്യു (പി)വകുപ്പ് | (കൺവീനർ) |

4. നിയമം, ധനകാര്യം, പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകൾ സബ് കമ്മിറ്റിയിലേക്ക് ബന്ധപ്പെട്ട അംഗങ്ങളെ ശിപാർശ ചെയ്തു, അടിയന്തരമായി അറിയിക്കേണ്ടതാണ്.

5. പ്രസ്തുത സബ്കമ്മിറ്റി, പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച്, ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, നിയമ വകുപ്പ്.
സെക്രട്ടറി, പൊതു മരാമത്ത് വകുപ്പ്.
സെക്രട്ടറി, ജലസേചന വകുപ്പ്.
ലാൻഡ് റവന്യു കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. വകപ്പ്

**ഉത്തരവിൻ പ്രകാരം**

Signed by
Suchitra S S
Date: 11-04-2024 11:00:54

**സെക്ഷൻ ഓഫീസർ**

**പകർപ്പ്:**

റവന്യുവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
റവന്യു (പി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
റവന്യു (പി) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 & ചട്ടങ്ങൾ 2002 - റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം - സബ്കമ്മിറ്റി രൂപീകരണം - അംഗങ്ങളിൽ മാറ്റം - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1885/2024/RD തീയതി,തിരുവനന്തപുരം, 11-08-2024

---

**പരാമർശം**:-

1. 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിലെ നടപടിക്കുറിപ്പ്.
2. 09-04-2024-ലെ സ.ഉ.(സാധാ)നം.1109/2024/RD നമ്പർ സർക്കാർ ഉത്തരവ്.
3. 01.07.2024-ലെ ധനകാര്യ (പരിശോധന എൻ ടി -എ) വകുപ്പിന്റെ IW-A1/38/2024/FIN നം. അനൗദ്യോഗിക കുറിപ്പ്.

**<u>ഉത്തരവ്</u>**

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 9 പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച്, ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ ബി IAS-ന്റെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു.

2. റവന്യൂ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ ബി. IAS, അണ്ടർ സെക്രട്ടറി, ശ്രീ. ഷഹൻഷാ എന്നിവർ റവന്യൂ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത സാഹചര്യത്തിലും, സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത ഓഫീസറെ സബ്കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് പകരം സാങ്കേതിക പരിജ്ഞാനം ഉള്ള ടെക്നിക്കൽ എക്സാമിനർ (സിവിൽ) റാങ്കിൽ കുറയാത്ത ഓഫീസറെ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്നു പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് അറിയിച്ച സാഹചര്യത്തിലും സബ്കമ്മിറ്റിയുടെ ചെയർപേഴ്സനായി റവന്യൂ (പി) വകുപ്പിന്റെ 'അഡിഷണൽ സെക്രട്ടറി'യെയും കൺവീനർ ആയി റവന്യൂ (പി) വകുപ്പിലെ 'അണ്ടർസെക്രട്ടറി'യെയും നിയോഗിച്ചും 'ധനകാര്യ പരിശോധന വിഭാഗം ഉദ്യോഗസ്ഥൻ (അഡിഷണൽ/ ജോയിന്റ് സെക്രട്ടറി)' എന്നതിന് പകരം 'ധനകാര്യ (പരിശോധന) വകുപ്പിലെ ടെക്നിക്കൽ എക്സാമിനർ (സിവിൽ) റാങ്കിൽ കുറയാത്ത ഓഫീസർ' എന്ന് തിരുത്തൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സബ്കമ്മിറ്റി അംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി, റവന്യൂ (പി) വകുപ്പ് | ചെയർപേഴ്സൻ |
| 2 | നിയമ വകുപ്പിലെ ഉദ്യോഗസ്ഥൻ (AS/JS) | മെമ്പർ |
| 3 | ധനകാര്യ വകുപ്പിലെ ടെക്നിക്കൽ എക്സാമിനർ (സിവിൽ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ | do |
| 4 | പൊതുമരാമത്ത് (ബ്രിഡ്ജസ്) വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | do |
| 5 | ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | do |
| 6 | ഡോ. അരുൺ ജെ ഒ, ഡെപ്യൂട്ടി കളക്ടർ, ഇലക്ഷൻ, ഇടുക്കി | do |
| 7 | അണ്ടർ സെക്രട്ടറി, റവന്യൂ (പി) വകുപ്പ് | കൺവീനർ |

4. മറ്റ് വകുപ്പുകൾ അംഗങ്ങളെ നിശ്ചയിച്ച് ശിപാർശ ചെയ്ത സാഹചര്യത്തിൽ ധനകാര്യ വകുപ്പ് പ്രസ്തുത സബ്കമ്മിറ്റിയിലേയ്ക്ക് അംഗത്തെ ശിപാർശ ചെയ്ത് അടിയന്തിരമായി അറിയിക്കേണ്ടതാണ്. പ്രസ്തുത സബ് കമ്മിറ്റി പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, നിയമ വകുപ്പ്.
സെക്രട്ടറി, പൊതു മരാമത്ത് വകുപ്പ്.
സെക്രട്ടറി, ജലസേചന വകുപ്പ്.
ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Pradeesh Kumar M K
Date: 12-08-2024 14:10:51
സെക്ഷൻ ഓഫീസർ

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.
റവന്യൂ (പി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ (പി) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.

**<u>09.04.2024-ലെ G.O(Rt) 1109/2024-rev നമ്പർ ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ട സബ് കമ്മിറ്റിയുടെ 28/11/2024-ൽ നടന്ന ഒന്നാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

യോഗം 11.00 മണിയ്ക്ക് ആരംഭിച്ചു. ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം അണ്ടർ സെക്രട്ടറി വിഷയം വിശദമായി അവതരിപ്പിച്ചു.

19.11.2015-ലെ G.O(Rt) No.6032/2015/RD നമ്പർ ഉത്തരവ് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് (RMF) വിനിയോഗിച്ചു കൊണ്ട് 9 പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള അനുമതി നൽകി. ഇതിൽ പത്തനംതിട്ട, കോട്ടയം ജില്ലകളിലുള്ള 5 പാലങ്ങളുടെ പണി 40% മുതൽ 60% വരെ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് 4 പാലങ്ങളുടെ പണി ഇതു വരെ ആരംഭിച്ചിരുന്നില്ല. പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിനായിരുന്നു നിർവ്വഹണ ചുമതല (nodal agency).

M/s Serms Infrastructure എന്ന സ്ഥാപനത്തെ പ്രവൃത്തി നടത്തുന്നതിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത 5 പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്ന ഘട്ടത്തിൽ സ്ഥാപനം rate revision ആവശ്യപ്പെടുകയും ആയതു അനുവദിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ ടി സ്ഥാപനം വിസമ്മതിച്ചു. വളരെ കാലമായി പാലം നിർമ്മാണം സ്തംഭനാവസ്ഥയിലാണ്. പ്രസ്തുത പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് കണ്ടെത്തി നൽകുകയെന്നാണ് സബ്കമ്മിറ്റിയുടെ ചുമതല. ചെയർപ്ഴ്സൺ വിഷയം വിശദീകരിച്ചു. തുടർ നിർമ്മാണം PWD മുഖേന ഏറ്റെടുക്കാൻ കഴിയുമോ എന്ന് ആരാഞ്ഞിരുന്നു. നിലവിലുള്ള structure-ന്റെ stability ഉറപ്പാക്കേണ്ടത് ആവശ്യമാണെന്നും PWD അറിയിക്കുകയും അതിനായി തിരുവനന്തപുരം എൻജിനീയറിങ് കോളേജിനെ (CET) സമീപിക്കുകയും ചെയ്തു. എന്നാൽ CET project design-ഉം അനുബന്ധ രേഖകളും ആവശ്യപ്പെട്ടു. എന്നാൽ ടി പ്രോജക്ടിന്റെ design consultant ആയ M/s Integral Solutions Pvt Ltd, പ്രസ്തുത design-ഉം അനുബന്ധ രേഖകളും ലഭ്യമാക്കാൻ തയ്യാറായില്ല. പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ ഇത് സംബന്ധിച്ച രേഖകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത് ശേഖരിക്കാനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്.

നിർമ്മാണം തുടരുന്നതിൽ stability റിപ്പോർട്ട് നിർബന്ധമായും ആവശ്യമാണെന്നും പത്തനംതിട്ട നിർമ്മിതി കേന്ദ്രത്തിനോട് ആവശ്യപ്പെടാവുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള structure ആവശ്യമാണെന്നും ഇറിഗേഷൻ വകുപ്പിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക നടപടികൾ സ്വീകരിക്കാനില്ലെന്നും ഇറിഗേഷൻ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്തിരുന്ന Serms Infrastructure ൻ മേൽ സമ്മർദ്ദം ചെലുത്തുവാൻ നിയമപരമായി എന്തെങ്കിലും പോംവഴി ഉണ്ടോ എന്ന് ചെയർപേഴ്സൺ ആരാഞ്ഞു. stay നിലവിലുണ്ടോ എന്ന് പരിശോധിക്കേണ്ടതും എഗ്രിമെന്റ് വ്യവസ്ഥകൾ പരിശോധിക്കേണ്ടതും കൂടാതെ ആർബിട്രേഷൻ കേസിലെ കോടതിയുടെ ഉത്തരവ് പരിശോധിയ്ക്കുകയും ചെയ്താൽ മാത്രമേ എന്തെങ്കിലും തുടർനടപടികൾ സാദ്ധ്യമാവുകയുള്ളൂവെന്നും ആയതിനാൽ ടി ഉത്തരവ്

ലഭ്യമാക്കണമെന്നും നിയമ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

RMF വിനിയോഗിച്ച് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുവാനാണ് അനുമതി നൽകിയിരിക്കുന്നതെന്നും സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നും വിഹിതം ആവശ്യമായി വരുന്നെങ്കിൽ മാത്രമേ ധനകാര്യ വകുപ്പിന്റെ ഇടപെടൽ ആവശ്യമായി വരുന്നുള്ളുവെന്നും നിലവിലെ സ്ഥിതിയിൽ ധനകാര്യ വകുപ്പിന് അഭിപ്രായം ഒന്നും പറയാനില്ലെന്നും ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

വിശദമായ ചർച്ചയ്ക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) പത്തനംതിട്ട നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് 5 പാലങ്ങളുടെ project design ഉം മറ്റ് ആവശ്യരേഖകളും ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പത്തനംതിട്ട നിർമ്മിതി കേന്ദ്രവുമായി ആശയവിനിമയം നടത്തേണ്ടതാണ്.

2) ആർബിട്രേഷൻ കേസിന്റെ വിധിപകർപ്പും നിലവിലെ സ്ഥിതിയും നിയമ വകുപ്പിനെ അറിയിക്കേണ്ടതാണ്..

## അനുബന്ധം

## യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം

1. ശ്രീ സുരേഷ് .എ , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീ അരുൺ.ജെ.ഒ, ഡെപ്യൂട്ടി കളക്ടർ (എൽ. എ. എൻ.എച്ച്) ഗ്രീൻഫീൽഡ്, മലപ്പുറം

3. സീത തങ്കം, ജോയിന്റ് ഡയറക്ടർ (കനാൽസ്) ചീഫ് എഞ്ചിനീയറുടെ കാര്യാലയം, IDRB, തിരുവനന്തപുരം.

4. ശ്രീ റിയാദ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് വകുപ്പ്.

5. ശ്രീ രാഹുൽ എ രാജ് KAS, അണ്ടർ സെക്രട്ടറി, റവന്യൂ (പി എ) വകുപ്പ്.-കൺവീനർ

6. ശ്രീമതി രെഞ്ചു റ്റി, അണ്ടർ സെക്രട്ടറി, ധനകാര്യ(വ്യയം-ഡി) വകുപ്പ്.

ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

<u>വളരെ അടിയന്തിരം - ഓർമ്മക്കുറിപ്പ്</u>

<u>ആർ.എം.എഫ് ഫണ്ട് - പാലം നിർമ്മാണം</u>

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ (പിഎ) വകുപ്പ്

നമ്പർ.പി3/20/2024/റവന്യൂ 07-10-2025,തിരുവനന്തപുരം

ഗവ.സെക്രട്ടറി

ജില്ലാ കളക്ടർ & ചെയർമാൻ
പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം

സർ,

വിഷയം:- റവന്യൂ വകുപ്പ് - റിവർ മാനേജ്മെന്റ് ഫണ്ട് - 9 പാലങ്ങൾ സംബന്ധിച്ച വിഷയം - 28/11/2024-ൽ ചേർന്ന സബ്കമ്മിറ്റി യോഗതീരുമാനം - പ്രൊജക്ട് ഡിസൈനും മറ്റ് ആവശ്യരേഖകളും ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 30.11.2024-ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആർ.എം.എഫ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്ന പാലങ്ങൾ സംബന്ധിച്ച വിഷയം പരിശോധിക്കുന്ന സബ് കമ്മിറ്റിയുടെ യോഗതീരുമാന പ്രകാരം 5 പാലങ്ങളുടെ പ്രൊജക്ട് ഡിസൈനും മറ്റ് ആവശ്യരേഖകളും നിർമമിതി കേന്ദ്രത്തിൽ ലഭ്യമാണെങ്കിൽ ആയത് സർക്കാരിൽ അടിയന്തിരമായി സമർപ്പിക്കണമെന്ന് സൂചനാകത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെയായി ആയത് സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത രേഖകൾ ലഭ്യമാകാത്തതുമൂലം സർക്കാർ നിയോഗിച്ച സബ് കമ്മിറ്റിയ്ക്ക് വിഷയം പരിശോധിക്കുന്നതിലേക്ക് പിന്നീട് യോഗം ചേരുവാൻ സാധിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, ടി വിഷയത്തിലെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരാഴ്ചക്കുള്ളിൽ തന്നെ സർക്കാർ ആവശ്യപ്പെട്ട എല്ലാ രേഖകളും അടിയന്തിരമായി സമർപ്പിക്കുവാൻ താൽപ്പര്യപ്പെടുന്നു.

കൂടാതെ ടി വിഷയത്തിലുള്ള ആർബിട്രേഷൻ കേസുമായി ബന്ധപ്പെട്ട്, AS no. 76/24 പ്രകാരം ജില്ലാ കോടതിയിൽ സമർപ്പിച്ച അപ്പീൽ സംബന്ധിച്ച നിലവിലെ സ്ഥിതിയും റിപ്പോർട്ട് ചെയ്യുവാൻ താല്പര്യപ്പെടുന്നു.

Signed by
Shahansha A
Date: 07-10-2025 12:44:21

വിശ്വസ്തതയോടെ,
SHAHANSHA A
UNDER SECRETARY
ഗവ.സെക്രട്ടറിയ്ക്കുവേണ്ടി